# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.907 | 07/02/2013-ൽ മറുപടിയ്ക്ക്

## കൃഷിക്കും, കുടിവെള്ളത്തിനുമുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.വി.വിജയദാസ് | | ശ്രീ. പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ജലക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാനത്തിന് മൊത്തം ഈ വർഷം ലഭിച്ച മഴ സമീപ വർഷങ്ങളിൽ ലഭിച്ച മഴയേക്കാൾ 40% കുറവാണ്. ആയതിനാൽ പ്രധാനമായും പുഴകളും , നദികളും റിസർവോയറുകളും സ്രോതസ്സായി ഉപയോഗിക്കുന്ന കേരളാ വാട്ടർ അതോറിറ്റിയിലെ ഒട്ടു മിക്ക സ്കീമുകളിലും ജലദൗർലഭ്യം അതിരൂക്ഷമാണ്. |
| ബി) ജില്ലാ അടിസ്ഥാനത്തിൽ കൃഷിയ്ക്കും, കുടിവെള്ളത്തിനുമുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദ വിവരം നൽകുമോ; | ബി) | വേനൽക്കാല ജലശോഷണം കണക്കിലെടുത്ത്, കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ, അത് തരണം ചെയ്യുന്നതിനായി ധനലഭ്യതയ്ക്കനുസൃതമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1) ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.<br>2) കേടായ പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ.<br>3) പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ.<br>4) വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക.<br>5) സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക.<br>6) തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക.<br>7) ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് തിരിച്ചു വിടുകയും ചെയ്യുക. |

8) കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്യുക.

പമ്പിംഗ് സമയം ക്രമീകരിച്ച് നിശ്ചിത സമയം കുടിവെള്ളം നൽകുക മുതലായവ. കൂടാതെ വരൾച്ച നേരിടുവാൻ ജലസേചന വകുപ്പിന് 22 കോടി രൂപയും ഭൂഗർഭ ജല വകുപ്പിന് 13 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| സി) ഇതിനായി പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | **ഇല്ല** |
| ഡി) ചെറുകിട ജലസേചനം, കുടിവെള്ള വിതരണം, ജലസംരക്ഷണം എന്നിവയ്ക്കായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ; സമയബന്ധിതമായി ഇവ നടപ്പിലാക്കുമോ? | ഈ വർഷത്തെ വരൾച്ചയെ നേരിടുന്നതിനായി 1087.80 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ 22/01/2013-ൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കേരള സർക്കാരിലേയ്ക്ക് അനുമതിയ്ക്കായി സമർപ്പിച്ചതിൽ ജലഅതോറിറ്റിക്ക് 57 കോടി രൂപ സർക്കാർ ഉത്തരവ് (ആർ. റ്റി) നം. 93/2013/ജവിവ, തിരുവനന്തപുരം തീയതി. 02/02/2013 പ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ വരൾച്ച നേരിടുവാൻ ഇറിഗേഷൻ വകുപ്പിന് 22 കോടി രൂപയും, ഭൂഗർഭ ജലവകുപ്പിന് 13 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ